**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **6253** **20-11-2019**-ലെ മറുപടി

**<u>ഇടമലയാർ ലിങ്ക് കനാലിന്റെ നിർമ്മാണം</u>**

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | മറുപടി<br>കെ.കൃഷ്ണൻകുട്ടി<br>ജലവിഭവ വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ഇടമലയാർ ലിങ്ക് കനാലിന്റെ നിർമ്മാണം പൂർത്തീകരിച്ച് ചാലക്കുടി, പുതുക്കാട്, ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ, അങ്കമാലി എന്നീ അഞ്ച് മണ്ഡലങ്ങളിൽ കൃഷിയ്ക്കും കുടിവെള്ളത്തിനും ജലസേചനത്തിനും കൂടുതൽ സൗകര്യമൊരുക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ; | എ) | ഉണ്ട്. 07/06/2019 ലെ പ്ലാനിംഗ് ബോർഡ് മീറ്റിംഗിലെ നിർദ്ദേശമനുസരിച്ച് ലിങ്ക് കനാലിന്റെയും തുമ്പൂർമൂഴി വിയറിനുമുകളിൽ വിഭാവനം ചെയ്യുന്ന ചെക്കുഡാമുകളുടെയും ഒരു താരതമ്യ പഠനം നടത്തി വസ്തുനിഷ്ഠമായ ഒരു റിപ്പോർട്ട് പ്ലാനിംഗ് ബോർഡിൽ സമർപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. |
| ബി) | പ്രസ്തുത ലിങ്ക് കനാൽ നിർമ്മാണം പൂർത്തീകരിക്കുന്നതിനും ചാലക്കുടിപ്പുഴയിലെ വെള്ളം ഒറ്റയടിയ്ക്ക് ഒഴുകിപ്പോകുന്നത് തടഞ്ഞ് നിർത്തി കുടിവെള്ളത്തിനും ജലസേചനത്തിനും പ്രയോജനപ്പെടുത്തുന്നതിനുമായി സ്റ്റോറേജ് ഡാമുകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ ? | ബി) | ചാലക്കുടിപ്പുഴയിൽ തുമ്പൂർമൂഴിയ്ക്കും അതിരപ്പിള്ളിയ്ക്കുമിടയിൽ കണ്ണൻകുഴിയിലും വെറ്റിലപ്പാറയിലും രണ്ട് സ്റ്റോറേജ് ഡാമുകൾക്കുള്ള റിവൈസ്ഡ് പ്രൊപ്പോസൽ ഐ.ഡി.ആർ.ബിയുടെ ഡിസൈനുവേണ്ടി പദ്ധതി വിഭാഗം 2, ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**